ഓം നമോ നാരായണായ പുരുഷായ മഹാത്മനേ
വിശുദ്ധസത്ത്വധിഷ്ണ്യായ മഹാഹംസായ ധീമഹി (6-5-28)
നാനുഭൂയ ന ജാനാതി പുമാൻ വിഷയതീക്ഷ്ണതാം
നിർവ്വിദ്യേത സ്വയം തസ്മാന്ന തഥാ ഭിന്നധീ: പരൈ: (6-5-41)

ശുകമുനി തുടർന്നു: അസീകിനിയിൽ ദക്ഷന് പതിനായിരം പുത്രന്മാരുണ്ടായി. ഹര്യാസ്വന്മാർ എന്ന് അവർ അറിയപ്പെട്ടു. അഛൻെറ നിർദ്ദേശപ്രകാരം പുനരുൽപ്പാദനം നടത്തി പെരുകാനുള്ള ഉദ്ദേശത്തോടെ നാരായണസാരം എന്ന തടാകത്തിനടുത്ത് തപശ്ചര്യകൾക്കായി അവർ എത്തിച്ചേർന്നു. ഒരു ദിവസം നാരദമുനി അവിടെ ചെന്നു പറഞ്ഞു: "ലോകത്തിൻെറ വിപുലതയെപ്പറ്റി മനസ്സിലാക്കാതെ സന്തതി പരമ്പരകൾ എങ്ങിനെയുണ്ടാവാനാണ്? നിങ്ങൾ, ഒരാൾ മാത്രം വാഴുന്നയിടം അറിയണം. പുറത്തേക്കുള്ള വഴികളില്ലാത്ത ഒരു കുഴി. പലേ രൂപഭാവങ്ങളുള്ള ഒരു സ്ത്രീ. വേശ്യയുടെ ഭർത്താവ്. ഒരേ സമയം എതിർദിശകളിലൊഴുകുന്ന ഒരു നദി. ഇരുപത്തിയഞ്ച് വസ്തുക്കൾ കൊണ്ടുണ്ടാക്കിയ വീട്. അരയന്നം എന്നിവയും എന്താണെന്നറിയണം" ഹര്യാസ്വന്മാർ ഈ കടങ്കഥക്ക് ഉത്തരം കണ്ടെത്താൻ ധ്യാനത്തിലേർപ്പെട്ടു. ആത്മാവിനെപ്പറ്റിയാണിതെന്ന് അവർ മനസ്സിലാക്കി. ലോകമാണ് സൂക്ഷ്മശരീരം. ഭഗവാനാണ് അതിൻെറ ഏകാധിപതി. പലേ രൂപഭാവങ്ങളുള്ള സ്ത്രീ, ബുദ്ധിയാണ്. ബുദ്ധിയോടുള്ള താദാത്മ്യഭാവമാണ് വേശ്യയുടെ ഭർത്താവ്. എതിർദിശകളിലൊരേസമയം ഒഴുകുന്ന നദിയാണ് മായ. ആത്മസാക്ഷാത്ക്കാരത്തിലായി ക്കഴിഞ്ഞാൽ തിരിച്ചു പോക്കില്ല എന്നതാണ് പുറത്തേക്കു വഴികളില്ലാത്ത കുഴി. മനുഷ്യ വ്യക്തിത്വമാണ് ഇരുപത്തിയഞ്ചു വസ്തുക്കൾകൊണ്ട് നിർമ്മിച്ച വീട്. വിജ്ഞാനമാണ് അരയന്നം. ഹര്യാസ്വർ നാരദൻ പറഞ്ഞുകൊടുത്ത കാര്യത്തെപ്പറ്റി വിചിന്തനം ചെയ്തു. ഈ പറഞ്ഞ കാര്യങ്ങളെല്ലാം സ്വയം അനുഭവിച്ചറിയാതെ ലൗകീകകർമ്മങ്ങളിലേർപ്പെട്ടിട്ട് എന്തുകാര്യം എന്നവർ ചിന്തിച്ചു. എല്ലാവരും സന്യസിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ദക്ഷൻ ഇതുകേട്ട് ദു:ഖിതനായെങ്കിലും അസീകിനിയിൽ ഒരായിരം പുത്രന്മാരെ കൂടി സൃഷ്ടിച്ചു. അവരെ ശബലാശ്വന്മാർ എന്ന് വിളിക്കുന്നു. അവരും അഛൻെറ നിർദ്ദേശ പ്രകാരം നാരായണസാരത്ത് തപസ്സിനായി ചെന്നു. മനസാ, അവരിങ്ങിനെ പ്രാർത്ഥിച്ചു. "പരമപുരുഷനും പരമസത്വവുമായ ഭഗവാൻ നാരായണന് നമോവാകം." അധികം താമസിയാതെ നാരദമുനി അവരെ സമീപിച്ചു. എന്നിട്ട് അവരെ ജ്യേഷ്ഠന്മാരുടെ പാത പിന്തുടരാൻ പ്രേരിപ്പിച്ചു. നാരദമുനിയുടെ വാക്കുകളുടെ പ്രചോദനത്താൽ ശബലാശ്വന്മാരും സന്യാസമാർഗം സ്വീകരിച്ചു.

ദക്ഷന് ഇതേറ്റവും അസഹ്യമായിത്തോന്നി. നാരദനെ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു. "സന്യാസവേഷത്തിൽ നടന്ന് നിങ്ങൾ ചെയ്തത് വളരെ ഉപദ്രവമായിപ്പോയി. എൻെറ പുത്രന്മാരെ അവരുടെ കടമകളിൽ നിന്ന് നിങ്ങൾ പിന്തിരിപ്പിച്ചു. മാമുനിമാർക്കും പിതൃക്കൾക്കും ദേവതകൾക്കും വേണ്ടി അവർ ചെയ്യേണ്ട കർമ്മങ്ങൾ പോലും നടക്കുന്നില്ല. അവർക്ക് ലൗകീകകർമ്മങ്ങളുടെ അയോഗ്യതയെപ്പറ്റി ചിന്തിക്കാൻ അവസരം കൂടി ലഭിക്കുകയുണ്ടായില്ല. ലോകത്തോടുള്ള നിർമ്മമത, മറ്റുള്ളവർ പറഞ്ഞുകേട്ടതുകൊണ്ട് ലഭിക്കുകയില്ല. ഒരു മനുഷ്യൻ ഇന്ദ്രിയവസ്തുതകളുടെ നിരർത്ഥത അവയുടെ സ്വാനുഭവങ്ങൾകൊണ്ടു മാത്രമേ മനസ്സിലാക്കുകയുള്ളു. അനുഭവങ്ങളിലൂടെ മാത്രമേ ഇന്ദ്രിയാനുഭവങ്ങളോട് അസ്വാരസ്യം ഉണ്ടാവൂ . മറ്റാരുടേയും സാക്ഷ്യാനുഭവം കൊണ്ടല്ല അതുണ്ടാവുന്നത്. അതുകൊണ്ട് നിങ്ങൾ അനാവശ്യമായി, അകാലത്ത് ഈ ചെറുപ്പക്കാരുടെ മനസ്സിളക്കി സൃഷ്ടിപ്രക്രിയക്ക് തടസ്സം വരുത്തി. അതുകൊണ്ട് നിങ്ങൾക്ക് സ്ഥിരതയോടു കൂടിയ ഒരു അസ്തിത്വം ഉണ്ടാവുകയില്ല. നിങ്ങൾ എന്നും അലഞ്ഞു തിരിയാനിടവരട്ടെ."

മുനി പുഞ്ചിരിയോടെ ശാപമേറ്റുവാങ്ങി. അതാണ് മഹാത്മാക്കളുടെ രീതി. അവർക്ക് പ്രതികാര ശക്തിയുണ്ടെങ്കിൽ പോലും അവരതിൽനിന്നും പിൻതിരിയുന്നു. കാരണം അവർ ക്ഷമാശീലരും സഹനശീലരുമാണ്.